# EDITORIAL

## CYBER AGE

# സൈബർ കാഴ്ച



## CYBER ADDICTION

## സൈബർ സംസ്ക്കാരം

### തെറ്റും ശരിയും തിരിച്ചറിയണം

'

വലിയ കരിങ്കൽ പാറയിൽ ഞാനൊരു മാലാഖയെ കണ്ടു. മാലാഖയുടെ രൂപം സമഗ്രമായി രൂപപ്പെടുന്നതുവരേയും ഞാൻ ആ പാറക്കല്ലിൽ കൊത്തിക്കൊണ്ടിരുന്നു.

- മൈക്കലാഞ്ചലോ

* * *

സുരക്ഷിതവും സന്തോഷകരവുമായ ബാല്യകാലം ഓരോ വ്യക്തിയുടെയും മൗലികാവകാശമാണ്. കുട്ടികൾക്ക് എതിരെയുള്ള ലൈംഗിക അതിക്രമങ്ങളും സൈബർ സ്വാധീനങ്ങളും ശക്തിപ്പെടുന്ന സാഹചര്യത്തിൽ സർക്കാരും സാമൂഹിക പ്രവർത്തകരും രക്ഷിതാക്കളും ഒത്തുചേർന്ന് ഫലപ്രദമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണം.

- കൈലാഷ് സത്യാർത്ഥി

* * *

കൂട്ടുകാരേ, ഓരോ കുഞ്ഞിനും തിളക്കമുള്ള ജീവിതത്തിന് അവകാശമുണ്ട്. അതിന് സ്ക്കൂളും വിദ്യാഭ്യാസവും വേണം. സമാധാനവും വിദ്യാഭ്യാസവും സമത്വവും നമ്മുടെയെല്ലാവരുടെയും അവകാശമാണ്. അതിന് പുസ്തകവും പേനയുമാണ് നമ്മുടെ ആയുധം. ഒരു കുട്ടിക്കും ഒരു ഗുരുവിനും ഒരു പുസ്തകത്തിനും ഒരു പേനയ്ക്കും ഈ ലോകത്തെ മാറ്റിമറിക്കുവാൻ കഴിയും.

- മലാല യൂസഫ്സായി

സൈബർ ലഹരിക്കാണ് ബാല്യ-കൗമാര മനസ്സുകൾ അടിമകളാകുന്നത്. മദ്യ മയക്കുമരുന്നുകൾ പോലെ സൈബർ കെണികളിൽ കുടുങ്ങുന്നത് പുതുതലമുറയാണ്. ആത്മഹത്യയിൽ പര്യവസാനിക്കുന്ന കമ്പ്യൂട്ടർ ഗെയിമിന് ലഭ്യമായ പ്രചാരവും കൗമാരക്കാരിലാണ്. കുട്ടികളിലെ വൈകാരിക ഭാവമാറ്റങ്ങളും സ്വഭാവ പെരുമാറ്റ രീതികളും നിരീക്ഷിക്കുവാനും തിരിച്ചറിയുവാനുമുള്ള ശ്രദ്ധയും സാവകാശവും കുടുംബാംഗങ്ങൾക്ക് നഷ്ടപ്പെടുന്ന പുത്തൻ സാമൂഹിക സാഹചര്യമാണ് ശക്തിപ്പെടുന്നത്.

ഇന്റർനെറ്റിൽ ലഭ്യമാകുന്ന നിരവധി ഓൺലൈൻ കെണികളിൽ അകപ്പെടുന്നത് നിരവധി കൗമാരങ്ങളാണ്. സാമൂഹിക ബന്ധങ്ങളിൽ നിന്നും ഉൾവലിഞ്ഞ് കമ്പ്യൂട്ടറിൽ ലഭ്യമാകുന്ന മായിക കാഴ്ചകൾക്ക് അടിമപ്പെടുന്ന പുത്തൻ വിനോദ സമ്പ്രദായം അതിശീഘ്രം വ്യാപിക്കുകയാണ്. സാമൂഹിക ജീവിത ക്രമങ്ങളിൽ പങ്കുചേരാതെ ഓൺലൈൻ സംവിധാനങ്ങൾ ഒരുക്കുന്ന ദൃശ്യാനുഭവങ്ങളിൽ ബാല്യ കൗമാരങ്ങൾ അകപ്പെടുന്നു.

ബാല്യകൗമാരങ്ങളെ വിഴുങ്ങുവാൻ കാത്തിരിക്കുന്ന ഓൺലൈൻ ഗെയിമുകളും സെക്സ് സൈറ്റുകളും ഇന്റർനെറ്റ് സൗകര്യമുള്ള ഏതു ഫോണിലും ലഭ്യമാകുന്നു. ലളിതവും പ്രാപ്യവുമായ ടെക്നോളജിയുടെ അതിശീഘ്ര വ്യാപനം ഇവയ്ക്ക് വമ്പിച്ച പ്രചാരം ലഭ്യമാകുകയും മാനസികാരോഗ്യം തകർക്കുകയും ചെയ്തു. സൈബർ സൗഹൃദങ്ങളും സ്വകാര്യബന്ധങ്ങളും ബാല്യ കൗമരങ്ങളിൽ ജിജ്ഞാസ ഉണർത്തുന്ന ദൃശ്യാനുഭവമാണ്. മനസിനേയും ശരീരത്തേയും അനവരതം ഉത്തേജിപ്പിക്കുന്ന വിഭവങ്ങൾ ഏതു സമയത്തും എവിടെയും ലഭ്യമാകുന്ന സൈബർ സംസ്ക്കാരത്തിൽ കുടുങ്ങുന്നവർ സൈബർ-നെറ്റ്‌വർക്ക് ഒരുക്കുന്ന സാഹസിക ഗെയിമുകളെ ഹൃദയത്തോട് ചേർത്തു പിടിക്കുന്നു. തീവ്രവാദം, ലൈംഗികത, ആക്രമണം, വ്യക്തിഹത്യ തുടങ്ങി പലതിലേയ്ക്കും ഇവരെ സൈബർ ലോകം മായിക കണ്ണുകളോടെ വശ്യമായി ക്ഷണിക്കുന്നു.

ബാല്യകൗമാരത്തിൽ ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ച ശാരീരികവും മാനസികവും വൈകാരികവും ബൗദ്ധികവും, സാമൂഹികവും ആദ്ധ്യാത്മികവുമായ വളർച്ചയാണ്. കുടുംബം, സ്ക്കൂൾ, കോളജ്, ഇടവക, സമൂഹം തുടങ്ങി നിരവധി ഘടകങ്ങളുമായി ബാല്യ/കൗമാരക്കാർ ഇടപെട്ടു വളരേണ്ടതാണ്. എന്നാൽ പുതുതലമുറ കമ്പ്യൂട്ടർ സൃഷ്ടിച്ച മായിക ലോകത്തിന് (Virtual World) കീഴ്പെടുന്നു. വിരൽ തുമ്പിൽ ലഭ്യമാകുന്ന ദൃശ്യാനുഭവങ്ങൾ സാങ്കല്പിക സൗഹൃദങ്ങളിലേക്കും സാഹസികത സൃഷ്ടിക്കുന്ന വിവിധ തരം ഗെയിമുകളിലേക്കും എത്തിച്ചേരുന്നു. എന്നാൽ ഇവ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്ന സാങ്കേതികതയിൽ രൂപശില്പം ചെയ്യുന്നവയാണ്.

ഇന്റർനെറ്റ് അഡിക്ഷൻ ഡിസോഡർ അഥവാ പ്രോബ്ലമാറ്റിക്ക് ഇന്റർനെറ്റ് യൂസ് ഒരു മാനസിക വൈകല്യമാണെന്ന് 1995-ൽ



# EDITORIAL

ഇവാൻ ഗോൾഡ്ബർഗ് വെളിപ്പെടുത്തി. രണ്ടു ദശാബ്ദം കഴിഞ്ഞപ്പോൾ ഇന്റർനെറ്റ് സൃഷ്ടിക്കുന്ന സ്വഭാവ വൈകൃതങ്ങൾ നിയന്ത്രണാതീതമായി. സൈബർ സെക്സ്, വെർച്ചൽ ബന്ധങ്ങൾ, ഓൺലൈൻ ഷോപ്പിങ്ങ്, അമിത വിഭവങ്ങളുടെ ഡൗൺലോഡിങ്ങ്, ഓൺലൈൻ ഗെയിം എന്നിങ്ങനെ അഞ്ചു തരത്തിൽ സൈബർ അഡിക്ഷനെ കിമ്പർലി യുങ്ങ് (1999) വിഭജിച്ചിട്ടുണ്ട്. ഇവ എല്ലാം തന്നെ ബാല്യ കൗമാരക്കാരെ വശ്യമായി ആകർഷിക്കുന്ന തരത്തിലാണ് സൈബർ സംസ്ക്കാരത്തിൽ കാഴ്ചയുടെ ലോകം അവതരിപ്പിക്കുന്നത്.

കുടുംബകലഹം, സാമൂഹിക ബന്ധങ്ങളുടെ അഭാവം, അസുരക്ഷിതത്വം, വിഷാദം, ഏകാന്തത, ഒറ്റപ്പെടൽ, തിരസ്ക്കരണം എന്നിവ തീവ്രമായി അനുഭവിക്കുന്നവരും സൈബർ സാങ്കേതികതയ്ക്ക് പ്രാപ്യതയുള്ളവരുമാണ് ഇത്തരത്തിൽ ചതിക്കുഴിയിൽ വീഴുന്നത്. മനസിനും ശരീരത്തിനും അസ്വഭാവികവും അതിശീഘ്രവുമായ ആഹ്ലാദം തേടിയുള്ള അന്വേഷണമാണിത്. സാമൂഹികവും സഭാപരവുമായ ബന്ധങ്ങളിൽ നിന്നും പുതുതലമുറ അകലുന്നതിനാൽ അവരിൽ മാനസിക ആരോഗ്യവും സാമൂഹിക സംവേദനത്വവും ശിഥിലമായി. അതിജീവനത്തിന്റെ ബാലപാഠവും വൈകാരിക പക്വതയും സംവേദന കലയും നഷ്ടമാകുന്നു. എന്നാൽ ഇന്റർനെറ്റ് ഒരുക്കുന്ന വിഭവങ്ങളിൽ ദീർഘസമയം നുഴഞ്ഞു കയറുവാൻ ഒരുമടിയുമില്ല. ഇത് ഗുരുതരമായ ശാരീരിക മാനസിക പ്രശ്നങ്ങളിലേയ്ക്ക് നയിക്കുന്നു.

സൈബർ ലോകം അതിരുകളില്ലാത്ത തുറന്ന രാജപാതയാണ്. ആർക്കും ഏതു നേരത്തും എന്തും എവിടെയും ലഭ്യമാക്കുന്ന സൈബർ വഴികൾ ഉത്തരവാദിത്വത്തോടെ ഉപയോഗിച്ചില്ലെങ്കിൽ എത്തിച്ചേരുന്നത് ആത്മഹത്യാമുനമ്പിലായിരിക്കും. ഇത്തരം അതിവേഗ പാതകളിൽ അകപ്പെട്ടാൽ തിരിച്ചുവരിക പ്രയാസകരമാണ്. സൈബർ ലോകം ബാല്യ കൗമാരക്കാരിൽ പ്രാപ്യമാക്കുന്നത് സ്മാർട്ട് ഫോണിന്റെ സാന്നിധ്യമാണ്. സൈബർ കാഴ്ചകൾ സൃഷ്ടിക്കുന്ന മായിക ലോകത്ത് സജീവമായി പങ്കുചേരുവാൻ ഇവർ അത്യുത്സാഹം കാണിക്കും. മാനസികമായ ഒറ്റപ്പെടൽ, സൈബർ സാങ്കേതികതയുടെ പ്രാപ്യത, മാതാപിതാക്കളുടെ അശ്രദ്ധ, എന്നിവ ഇവരെ സൈബർ കാഴ്ചകളിലേക്ക് ആകർഷിക്കും.

ആത്മവിശ്വാസത്തിന്റെ അഭാവം, പഠന പ്രക്രിയയിലെ പരാജയം, അക്രമാസക്തത, സാമൂഹികമായ അവഹേളനവും തിരസ്ക്കരണവും, പിൻവാങ്ങൽ സ്വഭാവം എന്നിവയും മാനസിക ആരോഗ്യതകർച്ചയുടെ ലക്ഷണങ്ങളായി തിരിച്ചറിയണം. അമിത ദേഷ്യം, വിഷാദം, ശ്രദ്ധക്കുറവ്, പഠന-കായിക കാര്യങ്ങളിൽ താല്പര്യമില്ലായ്മ, ഉറക്കമില്ലായ്മ, ഏകാന്തത, എന്നിവയും ഇതിന്റെ ലക്ഷണങ്ങളാണ്. ബാല്യ-കൗമാരക്കാരുടെ ജീവിതചര്യകളിൽ അസ്വാഭാവികത ഉണ്ടായാൽ മാനസികാരോഗ്യവിഭാഗത്തിൽ നിന്നും പ്രത്യേകം ചികിൽസയും കൗൺസലിങ്ങും കൊടുക്കണം. സ്നേഹത്തോടും സൗഹൃദത്തോടും ഇത്തരക്കാരുടെ മനസ്സിനെ ഉൾക്കൊള്ളുവാൻ കഴിയണം.

ഓൺലൈൻ സ്വാധീനങ്ങൾ ഒരുക്കുന്ന മായിക കാഴ്ചകളിൽ മനസ്സുടക്കി വ്യക്തിത്വ വൈകല്യങ്ങളും സ്വഭാവ വൈകൃതങ്ങളും സൃഷ്ടിക്കുന്നവരുടെ പ്രശ്നങ്ങളാണ് നഗരങ്ങളിലെ കൗൺസലിങ്ങ് കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നത്. തക്ക സമയത്ത് പ്രശ്നങ്ങൾ കണ്ടെത്തി ചികിൽസിച്ച് മാധ്യമ സാക്ഷരത പകർന്നാൽ ഓൺലൈൻ ലഹരിക്ക് ഇരകളാകുന്നവർക്ക് പുതുജീവൻ നൽകുവാൻ കഴിയും. വിവരവിജ്ഞാനയുഗം സൃഷ്ടിക്കുന്ന സൈബർ യുഗത്തിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും സൈബർ സാക്ഷരത അനിവാര്യമാണ്. ഉത്തരവാദിത്തത്തോടെ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുള്ള ബോധനവും ജീവിത നൈപുണ്യ പരിശീലനവുമാണ് അടിസ്ഥാന ലക്ഷ്യം. ഇന്റർനെറ്റ് അടിമകൾക്ക് സാങ്കേതിക സംവിധാനങ്ങളോടെ വിപുലമായ ബോധവൽക്കരണം നൽകുന്ന മീഡിയ ഡീ അഡിക്ഷൻ സെന്ററുകൾ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കണം. മാധ്യമ ലഹരി വിമോചന കൗൺസലിങ്ങിൽ പ്രാവീണ്യം നേടിയവരുടെ വിദഗ്ധ സേവനവും ഉണ്ടാകണം.

സാമൂഹിക-കുടുംബ-സഭാ ബന്ധങ്ങളിൽ നിന്നും ഒറ്റപ്പെടുന്ന ന്യൂജനറേഷന്റെ ജീവിതവും ശൈലിയും തിരിച്ചറിഞ്ഞ് ആവശ്യമായ പ്രബോധനങ്ങൾ നൽകുവൻ ഏവരും ശ്രദ്ധിക്കണം. മാനസിക ആരോഗ്യമുള്ള ബാല്യ-കൗമാരങ്ങളെ പരിപോഷിപ്പിക്കുന്നതിൽ കുടുംബ ബന്ധങ്ങളുടെ പങ്ക് നിസ്തുലമാണ്. സുരക്ഷിതത്വവും ആരോഗ്യമുള്ള കുടുംബം, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കും. ആരോഗ്യ പൂർണ്ണമായ വ്യക്തിത്വത്തിന്റെ പ്രതിഫലനം അവരിൽ ആന്തരികമായും ബാഹ്യമായും പ്രതിഫലിക്കും.

സാമൂഹിക-സാംസ്ക്കാരിക-മതപരമായ ഇടപെടലുകൾ ഇവരിൽ ശക്തിപ്പെട്ടാൽ മാത്രമേ സാമൂഹിക അവബോധത്തിൽ അധിഷ്ഠിതമായ വ്യക്തിത്വം, വളർത്തുവാൻ കഴിയൂ. വിവിധ സംഘടനകളിലും പ്രസ്ഥാനങ്ങളിലും ചേർന്ന് പ്രവർത്തിച്ച് സംഘാതമായ വ്യക്തിത്വം രൂപപ്പെടുത്തണം. സാമൂഹിക ബോധവും വ്യക്തിത്വവും പ്രതിബദ്ധതയും വികസിപ്പിക്കുവാൻ കഴിയണം. സമൂഹത്തേയും വ്യക്തികളേയും പരസ്പരം മനസിലാക്കുവാനും അവരുമായി ഫലപ്രദമായി സംവേദിക്കുവാനുമുള്ള പരിശീലനവും പ്രോത്സാഹനവും അനിവാര്യമാണ്.

> "സൈബർ ലോകം സൃഷ്ടിക്കുന്ന ആത്മഹത്യാ മുനമ്പുകളിൽ നിന്നും പുതുതലമുറയെ സംരക്ഷിക്കുവാൻ ശാസ്ത്രീയവും ക്രിയാത്മകവുമായ ബോധന പ്രക്രിയ ഫലപ്രദമാക്കുവാൻ സംവിധാനമുണ്ടാകണം. സർഗ്ഗ വൈഭവവും നീതി ബോധവും സാമൂഹിക കാഴ്ചപ്പാടും ദൈവിക സ്നേഹവും പങ്കിടുന്ന ക്രിയാത്മക സദ്സംഘങ്ങളിൽ പുതുതലമുറയെ പങ്കാളികളാക്കണം."

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com